sympathy with the member in saying that it will considerably relieve their financial strain if the fee is collected in three or four instalments.

Mr. T. V. Subramania Ayyar (*Nemmara*): Is there any prohibition to issue licence for three months?

Mr. V. K. Aravindaksha Menon (*Chief Engineer*): The rules are to the effect that if the valloms have to run even for one day, they have to pay fee for the whole year. The same question has been raised before the British Government and they said they cannot collect fees by instalments. They have given their ruling on this point.

മിസ്റ്റർ ബി. എം. പീറർ: എന്റെ പ്രമേയത്തിനു് ശരിയായ ആനുകൂല്യം കിട്ടുമെന്നുള്ള പ്രത്യാശ എനിക്കുണ്ടായിരുന്നു. എന്താണെന്നുവെച്ചാൽ ഇതുവരെ ഇവിടെ അവതരിപ്പിക്കപ്പെട്ട മറ്റു പ്രമേയങ്ങളെല്ലാം പണമില്ല, പണമില്ല എന്നുള്ള ഒറ്റക്കാരണത്തിന്മേലാണു് ഗവൺമെണ്ടിനു് എതിൽക്കുവാനിടയായിട്ടുള്ളതു്. പക്ഷെ എന്റെ ഈ പ്രമേയത്തിനു് ഒരു പണവും ചിലവാക്കേണ്ടതില്ല. അല്പം പലിശ നഷ്ടം മാത്രം ഇതുകൊണ്ടുണ്ടായേക്കാം. ആ പലിശ നഷ്ടമെങ്കിലും സഹിക്കുവാൻ സാധിക്കയില്ലെങ്കിൽ ഈ അനുദ്യോഗസ്ഥസാമാജികന്മാർ ഇങ്ങിനെ നിങ്ങളുടെ മുമ്പാകെ വന്നു് സംസാരിക്കുന്ന ഈ സംസാരങ്ങളും പ്രവൃത്തികളും വെറുമൊരു പ്രഹസനം മാത്രമായിരിക്കും. സാധുക്കളുടെ കഷ്ടതകളെ ജനപ്രതിനിധികളായ ഞങ്ങൾ ധരിപ്പിക്കുന്ന അവസരത്തിൽ യാതൊരുതരത്തിലും സഹതാപം കാണിക്കുവാൻ നിവൃത്തിയില്ല, സഹായിക്കുവാൻ മനസ്സില്ല എന്നാണു് നിങ്ങൾ പറയുന്നതു്. ഈ നില ഇവിടെ തുടർന്നുപോകുകയാണെങ്കിൽ തിരുവിതാംകൂറിൽ കണ്ട തൊഴിലാളിസംഘങ്ങൾ ഇവിടെയും ഉണ്ടാകയില്ലെ എന്നു ഞാൻ സംശയിക്കുന്നു.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ഇന്നത്തെ തിരുവിതാംകൂറിലെ സ്ഥിതി വള്ളക്കാരുടെ ഫീസു കുറച്ചതല്ലേ?

മിസ്റ്റർ ബി. എം. പീറർ: ഇനി എനിക്കു പറയുവാനുള്ളതു് എന്റെ മാന്യസ്നേഹിതരായ അനുദ്യോഗസ്ഥസാമാജികന്മാരോടാണു്. ഇതിൽ എല്ലാവരുടേയും സഹായസഹകരണമുണ്ടാകണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ പ്രസ്താവിക്കുന്നു.

The resolution was put and carried.

17. Granting of concessions to non-depressed classes from the Depressed Classes Department.

മിസ്റ്റർ കെ. പി. വള്ളോൻ: സർ, അധഃകൃതരല്ലാത്ത സമുദായങ്ങൾക്കു് നൽകുന്ന ആനുകൂല്യങ്ങൾ അധഃകൃതസംരക്ഷണ വകുപ്പിൽനിന്നു ഒഴിവാക്കേണ്ടതാണെന്നു ഈ സഭ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു ശുപാർശചെയ്യുകൊള്ളുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ഇതാണെന്റെ പ്രമേയം. ഈ നിശ്ചയത്തിലെ ഉദ്ദേശവും താല്പര്യങ്ങളും ഗവമ്മെണ്ടും മറ്റു സാമാജികന്മാരും ഇതിനു മുമ്പിവിടെ നടന്ന ചോദ്യോത്തരങ്ങളിൽനിന്നു മനസ്സിലാക്കീട്ടുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്ററുടെ ഗവമ്മെണ്ട് ചുരുങ്ങിയ കാലത്തിനുള്ളിൽ നടത്തിയ അന്വേഷണംകൊണ്ട് അധഃകൃതക്കു ഈ വക കാര്യങ്ങളിൽ വളരെ വിഷമതയുണ്ടെന്നുള്ള സംഗതിയും മനസ്സിലാക്കീട്ടുണ്ട്. ഞാൻ ഈ നിശ്ചയം ഇവിടെ കൊണ്ടുവരുന്നതു് മറ്റുള്ളവക്കു ഗവമ്മെണ്ടിൽനിന്നു നൽകുന്ന ആനുകൂല്യം ഇല്ലാതാക്കാൻവേണ്ടിയല്ല. അവക്കു വേണ്ടെല്ലാം ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ടോ അതെല്ലാം ചെയ്തുകൊടുക്കുന്നതിൽ എനിക്കു യാതൊരു ആക്ഷേപവുമില്ല.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: ആക്കാണു് ആനുകൂല്യം ചെയ്തുകൊടുക്കുന്നതു്?

മിസ്റ്റർ കെ. പി. വള്ളോൻ: അധഃകൃതരല്ലാത്തവക്കു കൊടുക്കുന്നുണ്ടു്. മുസ്ലിംസമുദായത്തിനു് വിദ്യാഭ്യാസപരമായി ചില ആനുകൂല്യങ്ങളും ചെയ്യുന്നുണ്ടു്. മറ്റു ചില സമുദായങ്ങൾക്കും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം: അതു് ഇതിലെങ്ങിനെപെടും?

മിസ്റ്റർ കെ. പി. വള്ളോൻ: വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിൽനിന്നാണു് ആ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നതു്. അതു് അധഃകൃത സംരക്ഷകന്റെ വകുപ്പിൽ പെടുകയില്ല. എന്നാൽ ഈയിടെ കുറെനാളായി അധഃകൃതരല്ലാത്ത ചില സമുദായങ്ങളെ അധഃകൃത സമുദായത്തിൽ ഉൾപ്പെടുത്തി അധഃകൃതക്കുള്ള സൌജന്യങ്ങളും അവക്കും കൊടുക്കുന്നുണ്ടു്. അതുകൊണ്ടു് അധഃകൃത സമുദായത്തിനു കിട്ടേണ്ട ഗുണങ്ങൾക്കു ദോഷം നേരിടുന്നുണ്ടു്. കോളേജു വിദ്യാഭ്യാസത്തിനു ഫ ഠ അധഃകൃത വിദ്യാർത്ഥികൾക്കു് ആനുകൂല്യമുണ്ടു്. പക്ഷെ അതിൽ ന്യ-ം അധഃകൃതരല്ലാത്ത ആളുകൾക്കാണു്കിട്ടിയതു്. ഒരു ലക്ഷത്തിഇരുപത്തയ്യായിരം ആളുകൾ വരുന്ന അധഃകൃതക്കു ന്യ-ം,-- എതാണ്ടു് അതിൽ $\frac{1}{8}$ വരുന്ന മറ്റുസമുദായങ്ങൾക്കു് ന്യ-ം ആണു് ഇപ്പോൾ കിട്ടുന്നതു്. എന്നാൽ ഗവമ്മെണ്ടു് ഈ വക കാര്യങ്ങളെകുറിച്ചു ചിന്തിക്കാതെ മൊത്തത്തിൽ അധഃകൃതക്കു ഫ ഠ സീറ്റനുവദിച്ചിട്ടുണ്ടെന്നു പറയും. സെൻറ്തോമസ് കോളേജിൽ പഠിച്ചിരുന്ന ര വിദ്യാർത്ഥികൾ പഠിത്തം നിറുത്തേണ്ടിവന്ന കഥ ഗവമ്മെണ്ടിനും മറെല്ലാപേക്കും അറിയാവുന്ന കാര്യമാണു്. ഗവമ്മെണ്ടിന്റെ ആനുകൂല്യത്താൽ അധഃകൃതരുടെ ഇടയിൽനിന്നു വിദ്യാഭ്യാസം ചെയ്യുവരുന്നവക്കും ചിലആശയങ്ങളൊക്കെയുണ്ടു്. അതുകൊണ്ടു് അവക്കും അവരുടെ സമുദായങ്ങൾക്കും ചില ഗുണങ്ങൾക്കൊക്കെ അവകാശമുണ്ടു്. അവക്കു കിട്ടേണ്ട ഈ ആനുകൂല്യം അവരുടെ പേരിൽ മറ്റുള്ളവർ അനുഭവിച്ചുവരുന്നതുകൊണ്ടു് അധഃകൃതരുടെ ഭാവി നയത്തിനു് ദോഷം സംഭവിക്കുന്നുണ്ടു്. ഞാൻ അധികം കാര്യങ്ങൾ പറയുന്നില്ല. എനിക്കു ഗവമ്മെണ്ടിനോടുള്ള അപേക്ഷ ഈ നിശ്ചയത്തെ അനുകൂലിച്ചു അധഃകൃതരല്ലാത്ത ആളുകൾക്കു് കൊടുക്കുന്ന സഹായം അധഃകൃതക്കുള്ള ആനുകൂല്യത്തിൽനിന്നു ഒഴിവാക്കണമെന്നാണു്. ഈ തവണ വാത്തിസമുദായം, പെരുമണ്ണാൻ സമുദായം, കുടുംബി സമുദായം ഇവയൊക്കെ അധഃകൃതരിൽ പെടുത്തീട്ടുണ്ടു്. വാത്തിസമുദായമെന്നു പറയുന്നതു് തീയ്യസമുദായത്തിൽ നിന്നു് ഒന്നുകൊണ്ടും കുറവുള്ള സമുദായമല്ല. അതേസമയംതന്നെ അരയന്മാരുടെ ഇടയിൽനിന്നു ഒരുകൂട്ടരെ മാറ്റിനിറുത്തീട്ടുണ്ടു്. അവരുടേയും സ്ഥിതി ഇതുതന്നെയാണു്. പിന്നെ പെരുമണ്ണാൻ

LIBRARY ARCHIVES Kerala Legislative Assembly

സമുദായത്തിലാണെങ്കിൽ വളരെ ധനികന്മാരുണ്ട്. അങ്ങിനെയുള്ള ആളുകളെക്കൂടി ഇതിലുൾപ്പെടുത്തി മുമ്പുണ്ടായിരുന്ന സൗകര്യങ്ങൾ ഗവൺമെണ്ടിനെ തെറ്റിദ്ധരിപ്പിച്ചു അധഃകൃതർക്കുള്ള ആനുകൂല്യം അവർക്കുകൂടി പങ്കുവെയ്ക്കുന്നു. അവർക്ക ആനുകൂല്യം കൊടുക്കുന്നതുകൊണ്ട് എനിക്കോ എന്റെ സമുദായത്തിനൊ വിരോധമില്ല. പക്ഷെ അതു അധഃകൃതരുടെ ആനുകൂല്യത്തിൽനിന്നാകരുതെന്നേയുള്ളൂ. വിദ്യാഭ്യാസ മേലധ്യക്ഷൻ അവർകൾ പറഞ്ഞ മറുപടി അധഃകൃതരെന്നു പറഞ്ഞു അപേക്ഷ വരുന്നവരെ ഒക്കെ അധഃകൃതരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നുവെന്നാണ്. പണ്ട് കൊച്ചിരാജ്യത്തിൽ അധഃകൃതരെന്നു പറഞ്ഞു അപേക്ഷ കൊടുക്കാൻ വളരെ മടിയായിരുന്നു. എന്നാലിപ്പോൾ ഇങ്ങിനെ ചില ആനുകൂല്യങ്ങളൊക്കെയുണ്ടെന്നു വന്നപ്പോൾ എല്ലാപേക്കും അധഃകൃതരാകാനാണാഗ്രഹം. എന്റെ പ്രസംഗത്തിനുമുമ്പു ചോദ്യത്തിനിടയിൽ ഒരു മെമ്പർ ചോദിക്കുകയുണ്ടായി വേറേയും വിദ്യാഭ്യാസമില്ലാത്ത സമുദായങ്ങളുണ്ട്. അവർക്കും ഈ സൌജന്യം കൊടുത്തുകൂടെ എന്നു. പക്ഷെ അധഃകൃതരെപറ്റി ഒരു പ്രത്യേക രീതിയിലാണ് ഗവൺമെണ്ട് വീക്ഷിക്കുന്നതു്. അധഃകൃതരുടെ ഇടയിൽ വിദ്യാഭ്യാസമുള്ളവർ ഒട്ടുമില്ലെന്നതന്നെ പറയാം. അങ്ങിനെയുള്ളവർക്ക ഗവൺമെണ്ടിൽനിന്നു കിട്ടുന്ന ആനുകൂല്യം അവർക്കതന്നെ ലഭിക്കത്തക്കവിധത്തിൽ കൊടുക്കണമെന്നു പറയുന്ന ഈ നിശ്ചയം ഗവൺമെണ്ട് സ്വീകരിച്ചു അതനുസരിച്ചു പ്രവൃത്തിക്കണമെന്നു അപേക്ഷിക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വിദ്യാഭ്യാസവിഷയത്തിൽ നമ്പൂതിരിസമുദായത്തെ അധഃകൃതരുടെ കൂട്ടത്തിൽ പെടുത്തീട്ടുണ്ടോ?

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: ഇല്ല. അധഃകൃതസമുദായത്തിൽ ചേർക്കണമെന്നു് അവരാരും അപേക്ഷിച്ചിട്ടില്ല. കുറച്ചുകാലമായിട്ടു് അവർക്ക വിദ്യാഭ്യാസത്തിൽ ചില ആനുകൂല്യങ്ങളെല്ലാം ഗവൺമെണ്ട് ചെയ്തുവരുന്നുണ്ട്.

Mr. C. V. Iyyu (*Kunnamkulam*): On a point of information, Sir. Do the Namburi boys get half-fee concession without proverty certificate or without vakkalath?

Rao Sahib I. N. Menon (*Director of Public Instruction*): Absolutely not, to the best of my knowledge.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു ബഡ്ജറിലെ ഈ ഇനത്തിൽ നിന്നാണോ?

റാവു സാഹിബ് ഐ. എൻ. മേനോൻ: അല്ല, എഡ്യൂക്കേഷൻ ബഡ്ജറിൽ നിന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ ഞാൻ ബഹുമാനപ്പെട്ട അധഃകൃതപ്രതിനിധിയുടെ പ്രമേയത്തെ അനുകൂലിക്കുന്നു. നമ്മുടെ നാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ കുബേരന്മാരും ഏറ്റവും വലിയ ജന്മികളും ഉള്ള ഒരു സമുദായമായി പരിഗണിക്കപ്പെട്ടവരുന്ന നമ്പൂതിരിസമുദായത്തിനുംകൂടി ഗവൺമെണ്ട് വിദ്യാഭ്യാസ സൌജന്യം അനുവദിച്ചിട്ടുണ്ട്.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: അവരിലും സാധുക്കളില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ൫,൦൦൦ ഉറുപ്പിക നികുതിയുള്ള ആൾക്കു ജന്മിസ്ഥാനത്തു നില്ക്കുവാനുള്ള യോഗ്യതയുംകൂടിയുള്ള നമ്പൂതിരി സമുദായത്തിനും മറ്റുസമുദായങ്ങളെപ്പോലെ വിദ്യാഭ്യാസസൌജന്യം കൊടുത്തുവരുന്ന ഇക്കാലത്തു്.... .....

റാവു സാഹിബു് ഐ. എൻ. മേനോൻ: അങ്ങിനെയല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പോവട്ടി സർട്ടിഫിക്കറുള്ളവക്കു മാത്രമേ കൊടുക്കുന്നുള്ളോ?

റാവു സാഹിബു് ഐ. എൻ. മേനോൻ: പല ഇതരസമുദായങ്ങൾക്കും പോവട്ടി സർട്ടിഫിക്കറു കൂടാതേയും കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഞാൻ പറയാം. മുണ്ടൂരിൽ കൈപ്പറമ്പിനടുത്തുള്ള ഒരു നമ്പൂതിരികുടുംബത്തിൽ സൌജന്യമായ വിദ്യാഭ്യാസം കൊടുത്തുവരുന്നതായി എനിക്കറിയാം. അങ്ങിനെയുള്ള ധനികന്മാർക്കുംകൂടി സൌജന്യവിദ്യാഭ്യാസം കൊടുത്തുവരുന്നുണ്ടു്. അധികൃതർക്കു സൌജന്യവിദ്യാഭ്യാസത്തിനായി നീക്കിവെച്ചിട്ടുള്ള സംഖ്യ എടുത്തു് അധഃകൃതരാക്കിത്തീർത്തിട്ടുള്ളവർക്കു കൊടുക്കുകയും, ശരിയായ അധഃകൃതർക്കുള്ള അവകാശം ഇല്ലായ്മചെയ്യുകയും ചെയ്യുന്നതു മഹാകഷ്ടമായിട്ടുള്ള ഒരു സംഗതിയാണു്. തൃശ്ശൂർ സെൻറ് തോമാസ് കോളേജിൽ വായിക്കുന്ന നാലു അധഃകൃതവിദ്യാർത്ഥികൾക്കു് സ്റ്റൈപ്പൻറു കൊടുക്കാത്തകാരണംകൊണ്ടു് അവർ പഠിപ്പു നിറുത്തേണ്ടിവന്നതായി ഇന്നു കാലത്തു പറയുകയുണ്ടായി. അതേസമയംതന്നെ അവശസമുദായത്തിൽപെട്ട രണ്ടു വിദ്യാർത്ഥികൾക്കു് വിദ്യാഭ്യാസസൌജന്യം നല്കുന്നുമുണ്ടു്. വിദ്യാഭ്യാസവിഷയത്തിൽ അധഃകൃതരാണു് അവർ. അങ്ങിനെ അവക്കു കൊടുത്തു് ശരിയായി അവകാശപ്പെട്ടവക്കു് ഒന്നും കൊടുക്കാതേയും ആണു് കാണുന്നതു്. കരിമ്പടക്കച്ചവടക്കാരന്നു സ്ഥലം കൊടുത്താലെന്നപോലെയാണു് ഫലം.

അധഃകൃതക്കായി ഒരുലക്ഷത്തി ഇരുപതിനായിരം രൂപ അനുവദിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അന്നു വിദ്യാർത്ഥികൾ വളരെ കുറച്ചു മാത്രമേ ഉണ്ടായിരുന്നുള്ളു. ഇന്നാകട്ടെ ൧൭,൦൦൦ത്തോളം വിദ്യാർത്ഥികളുണ്ടെന്നും, ൭൫,൦൦൦ ഉറുപ്പികയാണു് അനുവദിച്ചിട്ടുള്ളതെന്നും ബഹുമാനപ്പെട്ട ശ്രീമോഷ്യാരണമന്ത്രി പ്രസ്താവിക്കുന്നു. വിദ്യാർത്ഥികളുടെ എണ്ണം കൂടിയപ്പോൾ സംഖ്യ കുറഞ്ഞിരിക്കുന്നു. ഇങ്ങിനെ സംഖ്യ കുറച്ചു് മറ്റുള്ള സമുദായങ്ങളേയും അധഃകൃതരായി പരിഗണിച്ചിട്ടു് അധഃകൃതർക്കുള്ള അവകാശം മുഴുവൻ തട്ടിയെടുത്തു് മറ്റുള്ളവർക്കു കൊടുക്കുന്നതു ശരിയല്ല. ഇപ്പോൾ മുസ്ലീം സമുദായത്തിനും ഗവർമ്മെണ്ടിൽനിന്നും സൌജന്യം അനുവദിച്ചിട്ടുണ്ടു്, നമ്പൂതിരിസമുദായത്തിനും അനുവദിച്ചിട്ടുണ്ടു്. അതു് വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിലെ ഫണ്ടിൽനിന്നാണു് കൊടുത്തുവരുന്നതു്. എന്നാൽ വിദ്യാഭ്യാസസൌജന്യത്തിനായിട്ടു മാത്രം അധഃകൃതരാകുന്നവർക്കു് വിനിയോഗിച്ചുവരുന്ന സംഖ്യ വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിൽനിന്നല്ല. അധഃകൃതർക്കു നീക്കിവെച്ചിട്ടുള്ളതിൽനിന്നുമാണുപയോഗിക്കുന്നതു്. അന്യരാജ്യങ്ങളിൽ പോകുന്ന കടലാസുകളിലും, അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിലും അധഃകൃതരുടെ വിദ്യാഭ്യാസത്തിനായി ഒട്ടധികം സംഖ്യ ആ ഡിപ്പാർട്ടുമെണ്ടിൽനിന്നു ചിലവുചെയ്യുന്നുണ്ടെന്നു മാത്രം കൊട്ടിഘോഷിച്ചതുകൊണ്ടു കാര്യമില്ല. അങ്ങിനെ എടുക്കുകയാണെങ്കിൽ അവക്കായിട്ടു നീക്കിവെക്കുന്നതെങ്കിൽ അതു് അവരുടെ സമുദായത്തിനുതന്നെ ഫലപ്പെടണം. അങ്ങിനെയുള്ള ഒരു വ്യവസ്ഥ ഗവർമ്മെണ്ടു ചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യുക്തമായ ഇട സംഗതിയിൽ പ്രത്യേകിച്ച് ഗ്രാമോദ്ധാരണമന്ത്രി അദ്ദേഹത്തിന്റെ സ്വകാര്യനിലയിൽ വാഗ്ദാനം ചെയ്തിട്ടുള്ളതുകൊണ്ട് കൂടുതൽ ശ്രദ്ധിക്കണമെന്നപേക്ഷിക്കുകയും ചെയ്യുന്നു. ദിവാൻജിയവർകൾ ഇവിടെയില്ലായിരുന്നു, അതുകൊണ്ട് കൂടുതൽ ചെയ്യുവാൻ സാധിച്ചില്ല എന്നൊന്നും പറയരുതു്. ദിവാൻജിയെപ്പോലെതന്നെ ഞങ്ങളുടെ മറ്റു ദിവാൻജിയാണു് അദ്ദേഹം. അങ്ങിനെയുള്ള ഞങ്ങളുടെ മന്ത്രിക്കു് ദിവാൻജിയെപ്പോലെതന്നെ തുല്യാവകാശമാണുള്ളതു്. ദിവാൻജിയോടു ചോദിക്കുവാനുള്ള കാര്യങ്ങൾ വേറെയുണ്ടു്. ഇതിലേക്കു വേണ്ടതു ചെയ്യുകയേണ്ടതു് ഞങ്ങളുടെ ദിവാൻജിയാണു". അദ്ദേഹത്തോടാണു് ഞങ്ങൾ ചോദിക്കുന്നതു്". അതുകൊണ്ടു് ഈ കാര്യത്തിൽ മന്ത്രിയവർകൾ പ്രത്യേകം ശ്രദ്ധിച്ചു പ്രവർത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ബഹുമാനപ്പെട്ട അധ്യക്ഷ മെമ്പർ ഈ സഭയുടെ സ്വീകരണത്തിനായി കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. അദ്ദേഹത്തിന്റെ പ്രമേയഭാഗം ആവശ്യപ്പെട്ടിരിക്കുന്നതു് ഇപ്പോൾ അധ്യക്ഷവിദ്യാഭ്യാസപരമായ സൌജന്യങ്ങൾക്കു് അനുവദിക്കപ്പെട്ടിട്ടുള്ള സംഖ്യ വിദ്യാഭ്യാസസൌജന്യാർത്ഥം മാത്രം അധ്യക്ഷതരെന്നു പരിഗണിക്കപ്പെട്ടവരുന്ന മറ്റുസമുദായങ്ങൾക്കുവേണ്ടി ചിലവുചെയ്യാതെ അവരെ അധ്യക്ഷതരുടെ ബഡ്ജറ്റിൽനിന്നും ഒഴിവാക്കി അവർക്കുള്ള മാറ്റങ്ങൾ വേറെ കാണണമെന്നും, അധ്യക്ഷതഡിപ്പാർട്ടുമെണ്ടിലേക്കനുവദിച്ചിരിക്കുന്ന സംഖ്യ മുഴുവനും അധ്യക്ഷതർക്കുതന്നെ കൊടുക്കണമെന്നുമാണു്. ഇങ്ങിനെ ഒരു പ്രമേയം ഇവിടെ കൊണ്ടുവരുന്നതിനു് പ്രത്യേകമായ ഔചിത്യമുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. ഇന്നു കാലത്തു് ഇവിടെ നടന്ന വാദപ്രതിവാദത്തിൽനിന്നും ഒരു സംഗതി ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ടു്. ബഹുമാനപ്പെട്ട അധ്യക്ഷമെമ്പർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെ ഇപ്പോഴിടെയായി വിദ്യാഭ്യാസപരമായ കാര്യങ്ങളിൽ മാത്രം അധ്യക്ഷതരായി പരിഗണിക്കണമെന്നു് പലസമുദായങ്ങളും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ടു്. ബഹുമാനപ്പെട്ട സർ ടി. വിജയരാഘവാചാരി അവർകൾ കൊച്ചിയിലെ ദിവാനായിരുന്നകാലത്തു് അവശസമുദായങ്ങളെന്നും അധ്യക്ഷതരെന്നും പറയപ്പെടുന്നവർക്കു് വിദ്യാഭ്യാസം സംബന്ധിച്ചു സൌജന്യങ്ങൾ ചെയ്ത അവസരത്തിൽ അവരിൽ "പിന്നോക്കം നില്ക്കുന്നവരെ"ന്നും "അധ്യക്ഷതരെ"ന്നും രണ്ടു ഭാഗമായി തിരിച്ചിട്ടുണ്ടു്. അതിനുശേഷം വിദ്യാഭ്യാസത്തിൽ പിന്നോക്കം നില്ക്കുന്നവർക്കു കൂടുതൽ വിദ്യാഭ്യാസ സൌജന്യങ്ങൾ നല്കുണ്ടതാണെന്നു് അവരുടെ പ്രതിനിധികൾ വാദിക്കുവാൻ തുടങ്ങി.

എനിക്കു് ഈ പ്രമേയത്തെ അനുകൂലിക്കുന്നതോടുകൂടിത്തന്നെ വേറെ ഒരു സംഗതിയും വ്യക്തമാക്കുവാൻ ആഗ്രഹമുണ്ടു്. ഇങ്ങിനെ കൂടുതൽ ആനുകൂല്യങ്ങൾ ആവശ്യപ്പെടുന്നതു് അന്യായമായോ അനീതിയായോ ഒരിക്കലും ഗവർമ്മെണ്ടു വിചാരിക്കരുതു്. അധ്യക്ഷതസമുദായം സാമുദായികമായും ധനസംബന്ധമായും പലവിധത്തിൽ സമുദായത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവരെന്നുള്ള സംഗതി സമ്മതിക്കുന്നതോടൊപ്പംതന്നെ അവരെപ്പോലെയുള്ള മറ്റു അവശസമുദായങ്ങളുടെ കാര്യവും ഗവർമ്മെണ്ടു വിസ്മരിക്കരുതു്. ഈ പ്രമേയഭാഗം ഞങ്ങളാവശ്യപ്പെടുന്നതു് അധ്യക്ഷതസമുദായത്തിനു നീക്കിവെച്ചിട്ടുള്ള പങ്കിൽനിന്നു് ഇങ്ങിനെ പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾ അവരുടെ വിദ്യാഭ്യാസം സാധിക്കുന്നതു് എത്രമാത്രം പരിതാപകരമായിരുന്നാലും അധ്യക്ഷതർക്കു ഫലപ്രദമാകത്തക്കവിധത്തിലുള്ള മറ്റു സൌജന്യവിദ്യാഭ്യാസ സമ്പ്രദാ

യം നടപ്പിൽ വരുത്തണമെന്നുള്ളതാണ്. ഇന്ന കാലത്തുണ്ടായ വാദപ്രതിവാദത്തിൽ നിന്നും വ്യക്തമായിരിക്കുന്നതു് വാസ്തവത്തിൽ കൊച്ചി രാജ്യത്തിലെ ഏതൊരു പൌരനും വ്യസനഹേതുകമായിട്ടുള്ളതാണ്. സ്കൂൾഫൈനൽ പരീക്ഷവരെ പഠിച്ചിരുന്ന നാലു വിദ്യാർത്ഥികൾക്കു്, അനവധി പണം അധ്യയനത്തിനുവേണ്ടി ചിലവുചെയ്യുന്നുവെന്നഭിമാനിക്കുന്ന കൊച്ചി ഗവൺമെണ്ടിൽ നിന്നു് സ്റ്റൈപ്പൻറു കൊടുക്കാത്ത കാരണത്താൽ അവർക്കു പഠിത്തം നിറുത്തി പുറത്തുപോകേണ്ടിവന്നുവെന്നാണു് ആ വാദപ്രതിവാദങ്ങളിൽ നിന്നും വ്യക്തമായിരിക്കുന്നതു്. ഇതു് ഒരു ഗവൺമെണ്ടിനു്, പ്രത്യേകിച്ചു കൊച്ചി മഹാരാജാവു തിരുമനസ്സിലെ ഗവൺമെണ്ടിനു്, അധഃകൃതരുടെ ഉന്നമനാർത്ഥം കഴിയുന്നത്ര പരിശ്രമിക്കുന്നുണ്ടെന്നു പ്രഖ്യാപനം ചെയ്തിട്ടുള്ള ഒരു ഗവൺമെണ്ടിനു് ഒരിക്കലും ഭൂഷണമല്ല. അതിന്റെ ഉത്തരവാദികൾ ആരായിരുന്നാലും അവരുടെ വിവേകക്കുറവിനേയും, ഔദാര്യഹീനതയേയും ഞാൻ അപലപിക്കുകയും ചെയ്യുന്നു. ഈ നാലു വിദ്യാർത്ഥികൾ സൌജന്യം കിട്ടാതെ പുറത്തേക്കു പോകേണ്ടിവന്നിട്ടുള്ളതു് ഈ രാജ്യത്തേക്കു് ഏറ്റവും ലജ്ജാകരമായ ഒന്നാണെന്നു് വീണ്ടും ഞാൻ പറഞ്ഞുകൊള്ളുന്നു. ആ വിദ്യാർത്ഥികൾക്കു് സൌജന്യങ്ങൾ കിട്ടി അതുവഴി ഉൽകൃഷ്ട വിദ്യാഭ്യാസം ചെയ്യുവാനുള്ള സൌകര്യം സിദ്ധിച്ചിരുന്നുവെങ്കിൽ അതു് ഈ നാട്ടിനു് എത്രയോ അഭിമാനകരമായിരിക്കുമായിരുന്നു. എന്റെ അറിവു ശരിയാണെങ്കിൽ അധഃകൃതരിൽ നിന്നു് ഉൽകൃഷ്ട വിദ്യാഭ്യാസം സിദ്ധിച്ചു് ഒരു ഗ്രാഡ്വൊറ് മാത്രമേ പുറത്തു വന്നിട്ടുള്ളൂ. ഇങ്ങിനെയുള്ള ഈ നാലാളുകളെക്കൂടി ഉൽകൃഷ്ട വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു പകരം അവരെ ഇപ്പോൾ യാതൊരു സൌജന്യങ്ങളും കൊടുക്കാതെ പുറത്തേക്കു തള്ളിവിടുകയാണു ചെയ്തിരിക്കുന്നതു്. അവർ ഡാക്ടർ അംബേദ്ക്കർമാരോ എം. സി. രാജാമാരോ ആയിത്തീരുകയില്ലെന്നു് ആർക്കു പറയുവാൻ സാധിക്കും?

ഡോക്ടർ എ. ആർ. മേനോൻ: ഓഹോ അംബേദ്ക്കർമാരും, എം. സി. രാജന്മാരും ഒക്കെ ആകും.

മിസ്റ്റർ കെ ആർ. വിശ്വംഭരൻ: അതു നമ്മുടെ രാജ്യത്തിനു നഷ്ടമാകയാണു ചെയ്തിരിക്കുന്നതെന്നുള്ളതു് ഒരിക്കലും വിസ്മരിക്കരുതാത്തതാണു്.

ഈ അവസരത്തിൽ ഒരു സംഗതി എനിക്കു ഗവൺമെൻറിന്റെ ദയാദൃഷ്ടിയിൽപെടുത്തുവാനുള്ളതു് അധഃകൃതർക്കുവേണ്ടി ചിലവിടുന്ന സംഖ്യകൾ അവരുടെ ഉന്നമനത്തിനായി ഇതേവരെ പ്രയോജനപ്പെട്ടിട്ടില്ലെന്നുള്ളതാണു്. കഴിഞ്ഞ പത്തുപതിനഞ്ചു സംവത്സരക്കാലമായി ഗവൺമെൻറിൽനിന്നും ഇങ്ങിനെയുള്ള പല ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ടു്, എന്നാൽ കുട്ടികളെ ശരിയായി വിദ്യാഭ്യാസം ചെയ്യിച്ചു് അവരെ തൻകാലവും കായ്പ്രാപ്തിയുമുള്ളവരാക്കിത്തീർക്കത്തക്കവണ്ണമുള്ള സൌജന്യങ്ങൾ എത്രമാത്രം നല്കുവാൻ സാധിക്കുമോ അത്രയും നല്കുന്ന കാലത്തു മാത്രമേ വാസ്തവത്തിൽ അധഃകൃതരെ സാമുദായികമായ അധഃപതനത്തിൽ നിന്നും മോചിപ്പിക്കുവാൻ സാധിക്കയുള്ളൂ. അല്ലാതെ വെറും കോളനി സ്ഥാപിച്ചുതുകൊണ്ടോ കിണറുകൾ ഉണ്ടാക്കിക്കൊടുത്തതുകൊണ്ടോ സോപ്പു വിതരണംചെയ്തതുകൊണ്ടോ മാത്രം അധഃകൃതോന്നമനമാകയില്ല. കൊച്ചി ഗവൺമെൻറു് അധഃകൃതോദ്ധാരണ കാര്യത്തിൽ ആത്മാർത്ഥമായി പ്രവൃത്തിക്കുന്ന ഒരു ഗവൺമെൻറാണെന്നു ഞാൻ വിശ്വസിക്കുന്നു. അധഃകൃതരുടെ വിദ്യാഭ്യാസകാര്യത്തിൽ ഇതിനുമുമ്പില്ലാത്തവിധത്തിൽ പല ആനുകൂല്യങ്ങളും ചെയ്യണമെന്നാവശ്യപ്പെടുകയും കഴിയുന്നതെ

LIBRARY ARCHIVES Kerala Legislative Assembly

ല്ലാം ഗവണ്മെൻറ് ചെയ്യുകൊടുക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ പ്രകൃതി ഫീസോ മറ്റുള്ള സൌജന്യങ്ങളോ അനുഭവിക്കുന്ന പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്ക് ഈ പ്രമേയത്തിൻറെ സ്വീകരണംമൂലം യാതൊരു വിഷമവും ഉണ്ടാകുവാനും പാടില്ലാത്തതാകുന്നു. എൻറെ മാന്യസ്നേഹിതൻ ശ്രീമാൻ വള്ളോൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തോട് ഞാൻ അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പോവാട്ടി സർട്ടിഫിക്കറ്റ് കൂടിയോ, കൂട്ടിയുടെ പിതാവോ ആരാണ് ആവശ്യപ്പെടുന്നത്?

റാവു സാഹിബ് ഐ. എൻ. മേനോൻ: രണ്ടു പ്രകാരത്തിലും നടപ്പുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കുട്ടികൾക്കു രക്ഷകർത്താക്കന്മാരുണ്ടായിരിക്കയില്ലേ?

റാവു സാഹിബ് ഐ. എൻ. മേനോൻ: ഉണ്ടായിരിക്കും. അവരെ കണ്ടുപിടിക്കുവാൻ മിക്കവാറും അസൌകര്യം നേരിടുമ്പോൾ ഡിപ്പാർട്ട്മെൻറ് വഴിയായി അന്വേഷണം നടത്തികൊടുക്കുകയാണു പതിവു്.

Mr. V. K. Krishnankutty (*Ezhuvas-Trichur*): Our benign Government stands pledged to give certain educational facilities and concessions to the depressed classes. That help began very early. The specific help derived from that policy has been gradually reduced by two methods, viz., (1) by directly reducing the allotment given to the depressed classes and (2) by throwing open the door for other communities to come in the guise or under the name of the depressed classes, thus swelling up the ranks of the depressed classes. My friend Mr. Vallon the hon'ble member for the Depressed Classes has by this resolution tried to prevent the invasion of the other communities into the depressed classes for the mere purpose of getting the concessions. Government wanted to paint themselves in flying colours in their reports and whenever a community which was really backward in education came forward for getting educational concessions they simply allowed their prayers without going further into the details and without knowing their capacity or their needs. At the same time they cut short the allotment given to the depressed classes. This method is shrewdly found out by the hon'ble member for the depressed classes and he has, by this resolution, tried to prevent this sort of budgetary tricks. It is a very reasonable proposition. If the Government is going to give them any concession and if the Government is going to limit the allotment, let them give it to the really deserving depressed classes.

From some of the questions answered to-day we were able to elicit that certain students in the St. Thomas' College were

LIBRARY ARCHIVES Kerala Legislative Assembly

given the concessions; but we are given to understand that all of them are persons who are converts to depressed classes or who do not belong to the depressed classes hitherto so-called. The new-comers to the depressed classes were conveniently enjoying the concession under the name of the depressed classes. That is a trick which the depressed classes are entitled to prevent. I hope that is a legitimate demand. If you are going to give the concession give it to them separately. The hon'ble member for Depressed Classes wants a separate budget altogether. He must know whether he is really getting these concessions without giving any chance for uncertainties. It is found that of the two students who were given the concession none belong to the ancient depressed classes, as I call them, as distinguished from the new recruits. I am perfectly in support of this proposition. We are not concerned, in any way with concessions given to the Namboodiries—whether they are given on poverty certificate or not. Here we want to make sure where we stand. Make it clear even though you are going to limit. I heartily support the very clever resolution moved by the hon'ble member for the Depressed Classes.

Dr. A. R. Menon (*Minister for Rural Development*): Sir, I believe there is some genuine ground for this complaint raised by my friend Mr. Vallon. The burden of his complaint is that a portion of the allotment amount is allotted for the education of the depressed classes and as time went by, more and more other sections came and swelled up with the result that the true genuine section called the depressed classes was gradually elbowed out of their position of vantage. I do not deny that statement. It is a fact. But I am not going to enter into a defence of the Department.....

മിസ്റ്റർ കെ. പി. വള്ളോൻ: ദയവുചെയ്തു മലയാളത്തിൽ പ്രസംഗിച്ചാൽകൊള്ളാം.

ഡോക്ടർ എ. ആർ. മേനോൻ: അങ്ങിനെയാകാം. വള്ളോൻ പറഞ്ഞതു അധഃകൃതരുടെ കൂട്ടത്തിൽ കണക്കൻ, പറയൻ, പുലയൻ തുടങ്ങി കുറച്ചു പേരെ പെട്ടിരുന്നുള്ളു. ഇപ്പോൾ വാത്തി, സാംബവൻ, മണ്ണാൻ, ചെറുമണ്ണാൻ, പെരുമണ്ണാൻ ഇങ്ങിനെ വേറെയും കുറെകൂടെ അധഃകൃതരുടെ കൂട്ടത്തിൽ ചേർന്നു അധഃകൃതക്കു നിക്കിവെച്ചിട്ടുള്ള ആനുകൂല്യങ്ങളിൽ പങ്കിട്ടുതുടങ്ങിയെന്നും അതു പാടില്ലെന്നുമാണു്. ഉള്ള സംഖ്യ ഇങ്ങിനെ അധികം പേർ കൂടി പങ്കിട്ടുതുടങ്ങിയപ്പോൾ ഓരോ കൂട്ടക്കും ഒരു ചെറിയ തുകയെ കിട്ടുന്നുള്ളു. രൂപപ്രകാരം അവരെ അതിൽനിന്നൊഴിവാക്കാൻ വഴി കാണുന്നില്ല. വള്ളോൻ പറയുന്ന മാതിരി മൂന്നു നാലു സമുദായങ്ങളെ ഇതിൽനിന്നൊഴിവാക്കിയാൽ അവരുടെ കാര്യത്തിനെന്തുചെയ്യും?

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അവരെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിലേക്കു വിടണം.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: വിരോധമില്ല. അങ്ങിനെ ഞാനാലോചിച്ചുനോക്കാം. വേറൊരു കാര്യം മനസ്സിലാക്കണം. രണ്ടു ദിവാൻജിമാരുണ്ടെന്നും മറ്റും പറഞ്ഞിട്ടു യാതൊരു കാര്യവുമില്ല. പണത്തിന്റെ കാര്യത്തിൽ ഒരു ദിവാൻജിക്കെ അധികാരമുള്ളൂ.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: സംഖ്യ ടഷാറിയിൽ നിന്നാവശ്യപ്പെടണം. ബഡ്ജറ്റു രണ്ടുണ്ടാക്കണം.

ഡോക്ടർ എ. ആർ. മേനോൻ: ബഡ്ജറുണ്ടാക്കാൻ പണം വേണ്ടേ? ഇപ്പോൾ കിട്ടിയിട്ടുള്ള സംഖ്യകൊണ്ടുള്ള ബഡ്ജറുണ്ടാക്കാനെ നിവൃത്തിയുള്ളൂ.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: കൂടുതൽ സംഖ്യ വളരെ ശക്തിയായി ആവശ്യപ്പെടണം.

ഡോക്ടർ എ. ആർ. മേനോൻ: എങ്ങിനെയാണു വളരെ ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിച്ചാവശ്യപ്പെടണമെന്നാണോ പറയുന്നതു്? ഞാൻ തന്നെ അദ്ദേഹത്തോടു പറഞ്ഞതാണു് ഇതേക്കുറിച്ചു കൌൺസിലിൽ പ്രമേയം കൊണ്ടുവന്നു വേണ്ട അഭിപ്രായം അറിയാമെന്നു്. ബാക്കു"വേഡു" കമ്മ്യൂണിറ്റികളെ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെൻറിലേയ്ക്കു മാറ്റിയാൽകൊള്ളാം. ഇവരെ വേണമെങ്കിൽ ഇനി ഡിപ്രസ്ഡു" ക്ലാസ്സെന്നും, അൺഡിപ്രെസ്ഡു" ക്ലാസ്സെന്നും രണ്ടായി തരം തിരിക്കണം. എന്നെ സംബന്ധിച്ചിടത്തോളം എങ്ങിനെയെങ്കിലും ചെയ്യാം. ഞാൻ ഗവൺമെൻറുമായി ആലോചിച്ചു ഈ കാര്യത്തിൽ എന്തു ചെയ്യണമൊ അങ്ങിനെ ചെയ്യാം. എങ്ങിനെയായാലും രണ്ടു കൂട്ടർക്കും ബുദ്ധിമുട്ടില്ലാത്ത തരത്തിൽ ചെയ്യാം.

റാവു സാഹിബ്" പി. എൻ. മേനോൻ: ഒരു കാര്യം ആലോചിക്കേണ്ടതുണ്ടു്. അധഃകൃതസംരക്ഷണവകുപ്പിൽ നിന്നു ഈ സമുദായത്തെ വിദ്യാഭ്യാസവകുപ്പിലേക്കു് മാറ്റുമ്പോൾ ഇപ്പോൾ കിട്ടിവരുന്ന ആനുകൂല്യത്തിൽ നിന്നും ചിലപ്പോൾ സല്പം കുറഞ്ഞേക്കാമെന്നുംകൂടി ഓർക്കണം. തീർച്ചയാക്കിയതിനുശേഷം ആലോചിച്ചിട്ടു കാര്യമില്ലാ. അധഃകൃതരല്ലാത്ത ബാക്കു"വേഡു" കമ്മ്യൂനിറ്റീസിനും ഈ സൌജന്യം കൊടുക്കണ്ടെന്നാണോ പറയുന്നതു്?

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അധഃകൃതർക്കു നീക്കിവെച്ചിട്ടുള്ള സംഖ്യ അവർക്കായിട്ടുതന്നെ ചിലവുചെയ്യണം. ഇതുകൊണ്ടു് ബാക്കു"വേഡു" കമ്മ്യൂണിറ്റീസിൽപ്പെട്ട വിദ്യാഭ്യാസക്കുറവുള്ള സമുദായങ്ങൾക്കു് അനുവദിച്ചിട്ടുള്ള സൌജന്യത്തിനു യാതൊരു കുറവും വരരുതു്.

റാവു സാഹിബ്" പി. എൻ. മേനോൻ: ബഹുമാനപ്പെട്ട സഭ ഈ കാര്യത്തിലെ തീരുമാനം ചെയ്യുന്നതിനുമുമ്പായി ഒരു കാര്യം മനസ്സിലാക്കാനുണ്ടു്. അതായതു ഇപ്പോൾ അധഃകൃതസംരക്ഷണവകുപ്പിൽ നിന്നും കൊടുത്തുവരുന്ന സകല ആനുകൂല്യങ്ങളും ഇവിടെയും കൊടുക്കണമെന്നാണൊ പറയുന്നതിന്റെ ഉദ്ദേശം?

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അതെ.

മിസ്റ്റർ എം. ശിവരാമമേനോൻ: ബഹുമാനപ്പെട്ട ഡയറക്ടർ അവർകൾ പറഞ്ഞപ്രകാരം എഡ്യൂക്കേഷനിൽ ബാക്കു"വേഡു" ആയി നില്ക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചില സമുദായങ്ങൾക്ക് ആനുകൂല്യംകൊടുത്തുവരുന്നതിനെപറ്റി ഈ ചർച്ചയിലും ഞങ്ങളിൽ ആർക്കുതന്നെ അഭിപ്രായവ്യത്യാസമില്ലാ. എന്നാൽ അധഃകൃതർക്ക് അനുവദിച്ചിട്ടുള്ള സംഖ്യ അവർക്കായിട്ടുതന്നെ ചിലവഴിക്കണമെന്നെ ഇവിടെ അഭിപ്രായമുള്ളൂ. അതോടുകൂടി ബാക്ക്‌വേഡ് സമുദായങ്ങളിൽ നിന്നും വിദ്യാഭ്യാസത്തിനു മാത്രം അധഃകൃത സമുദായത്തിൽപെടുത്തിട്ടുള്ളവർക്കു കൊടുത്തുവരുന്ന സൌജന്യത്തിനു യാതൊരു കുറവും വരുത്താൻ പാടില്ലാ.

മിസ്റ്റർ എം. എൽ. ജോസഫ്: സർ, നമ്മുടെ ഗവർമ്മെണ്ടിൽനിന്നും വിദ്യാഭ്യാസവേതനം ലഭിച്ചുവരുന്ന വർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികളെ മുന്നു ഗണമായി കണക്കാക്കാമെന്നാണ് എന്റെ വിശ്വാസം. ഒന്നാമതായി വിദ്യാഭ്യാസത്തിൽ സാമ്പത്തികമായും സാമുദായികമായും പിന്നോക്കം നില്ക്കുന്ന ഒരു വർഗ്ഗം. മറ്റൊരു വർഗ്ഗം വിദ്യാഭ്യാസപരമായും സാമുദായികപരമായും മാത്രം താണ നിലയിലുള്ളവർ. മൂന്നാമതായി വിദ്യാഭ്യാസപരമായും സാമുദായികപരമായും സാമ്പത്തികപരമായും പിന്നോക്കം നില്ക്കുന്നവർ. ഇങ്ങിനെ തിരിച്ചാൽ മിസ്റ്റർ വള്ളോന്റെ പ്രമേയം പ്രായോഗികമാക്കാൻ സാധിക്കും. വാസ്തവത്തിൽ അധഃകൃതർക്ക് വിദ്യാഭ്യാസപരമായിതന്നെയല്ലാ സാമ്പത്തികപരമായും സാമുദായികപരമായും ഏറ്റവും താണനിലയാണുള്ളത്. ബഹുമാനപ്പെട്ട ഡയറക്ടർ അവർകൾ പറഞ്ഞതുപോലെ സാമ്പത്തിക സ്ഥിതിയിലും സാമുദായിക സ്ഥിതിയിലും വളരെ ശോചനീയമായ നിലയിൽ നില്ക്കുന്നവർക്കും ഈ ആനുകൂല്യം കൊടുക്കേണ്ടതാണ്. അങ്ങിനെയുള്ളവർക്ക് ഈ ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുമ്പോൾ സാമ്പത്തികമായും സാമുദായികമായും വിദ്യാഭ്യാസപരമായും ഏറ്റവും താണപടിയിൽ സ്ഥിതിചെയ്യുന്ന സമുദായത്തിൽപെട്ടവർക്കുള്ള സൌജന്യത്തിൽ യാതൊരു കുറവും ചെയ്യാൻ പാടില്ലെന്നും അക്കാര്യത്തിൽ അവർക്കു മുൻഗണന നൽകണമെന്നും നിശ്ചയം ചെയ്യണം. ഇങ്ങിനെ തരംതിരിച്ചു എല്ലാ അവശസമുദായക്കാർക്കും ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാമെന്നുവെച്ചാൽ മിസ്റ്റർ വള്ളോന്റെ ഉദ്ദേശം സാധിക്കുന്നതിൻമൂലം അനവധി ബിരുദധാരികൾ ഈ വക സമുദായങ്ങളിൽ ഉണ്ടായിതീരുവാനും ഇടയാകുന്നതാണ്.

മിസ്റ്റർ എ. വി. മൂത്തേടൻ: ബഹുമാനപ്പെട്ട മിനിസ്റ്ററുടെ മറുപടിയിൽ ഉള്ളൂടനടക്കു മനസ്സു ചെയ്തതായിട്ടു പറയുന്നില്ല. അവർ അധഃകൃതരല്ലെ?

Dr. A. R. Menon (*Minister for Rural Development*): The question of nomenclature of the depressed classes has to be decided. A definition as to what constitutes "depressed classes" is necessary. If you do that the next question is "what about the position of the other communities who are included now as the depressed classes?" Of course we know from my hon'ble friend Mr. Sivarama Menon that the intention of the House is that they should enjoy all the benefits that they now enjoy. Have you got sufficient to meet both? That is the question. What will happen, is this. Out of 10 I will be selecting 5 or 6 real depressed classes and the remaining 4 the pseudo-depressed classes, if I may use the expression, will go to the Education Director's Department. That is the position. I want the House to understand that.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. Sivarama Menon (*Ernakulam*): It all depends upon the allotment that is available.

Dr. A. R. Menon (*Minister for Rural Development*): Yes. That is the point. I don't want to try to fool the House. I am telling you the difficulties. Even according to the arrangement you wanted me to make if I take that portion of the amount that would support real depressed classes, from the education budget, the position remains the same. The same result may be achieved in another way. Among these depressed classes at least so much percentage—I am only throwing out some suggestions—should consist of the real depressed classes and the rest reserved for the new depressed classes. The whole question revolves upon the availability of funds. I quite understand your difficulties, and you must understand my difficulty also, so that the House may not say that the allotment for the depressed class education is reduced in the budget. That will be the next point. I may not be charged with the complaint that the Minister has reduced the allotment for the education of the depressed classes. I want to avoid that contingency.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിം സേട്ട്: മിസ്റ്റർ പ്രസിഡണ്ട് സർ, ബഹുമാനപ്പെട്ട അധഃകൃത പ്രതിനിധി മിസ്റ്റർ വള്ളോൻ ഇവിടെ കൊണ്ടു വന്നിട്ടുള്ള പ്രമേയത്തെ സംബന്ധിച്ചു ഈ ഹൌസിൽ മറ്റുമെമ്പർമാരും വാദപ്രതിവാദം നടത്തുകയുണ്ടായി. എഡ്യൂക്കേഷനെ സംബന്ധിച്ചു ബാക്ക് വേഡിൽ നില്ക്കുന്നതായ കമ്മ്യൂനിറ്റിയാണ് മുസ്ലീം കമ്മ്യൂനിറ്റി. അവർക്കും ചില ആനുകൂല്യങ്ങളൊക്കെ ഗവർമ്മെണ്ടു ചെയ്തുകൊടുക്കുന്നുണ്ട്.

അധഃകൃതർക്കു കൂടുതൽ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നതിൽ എനിക്കു അഭിപ്രായവ്യത്യാസമില്ലാ. പക്ഷെ ആ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നതു കൊണ്ടു് മുസ്ലീങ്ങൾക്കു ചെയ്തുകൊടുക്കുന്ന ആനുകൂല്യങ്ങളിൽ എന്തെങ്കിലും കുറക്കുവാൻ വിചാരിക്കുന്നുണ്ടെങ്കിൽ എനിക്കതിൽ സങ്കടമുണ്ടു്. അധഃകൃതർക്കു ചെയ്യുവാൻ നിശ്ചയിച്ചിട്ടുള്ള ആനുകൂല്യംകൊണ്ടു ബാക്ക്വേഡ് കമ്മ്യൂനിറ്റിയിൽപ്പെട്ട മുസ്ലീം കമ്മ്യൂനിറ്റിക്കു കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യത്തിൽ വല്ല കുറവും ഗവർമ്മെണ്ടു ചെയ്യാൻ വിചാരിച്ചിട്ടുണ്ടെങ്കിൽ ഗവർമ്മെണ്ടിന്റെ നയത്തെ ഞാൻ ശക്തിയായി പ്രതിഷേധിച്ചുകൊള്ളുന്നു. അവരവർക്കു കിട്ടേണ്ട ആനുകൂല്യം ശരിക്കു ഭാഗിച്ചുകിട്ടണം. അതു് മിനിസ്റ്റർ ഭാഗിച്ചാലും കൊള്ളാം. ഡയറക്ടർ അവർകളും ഭാഗിച്ചാലും കൊള്ളാം. ഒരുത്തർക്കും സങ്കടം വരാത്തവിധത്തിൽ ഭാഗിക്കണമെന്നെയുള്ളു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സംഗതിയെക്കുറിച്ചു മിനിസ്റ്റർ ഉടൻതന്നെയുള്ള ഒരു കമ്മറ്റിയെ നിയമിച്ചു ആലോചന നടത്തി ഒരു റിപ്പോർട്ട് ഗവർമ്മെണ്ടിനു് സമർപ്പിക്കാമോ.

Mr. M. Sivarama Menon (*Ernakulam*): I also suggest that.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. R. Menon (*Minister for Rural Development*): I shall be very happy if two or three of you will come to me and discuss this matter. I keep an open mind. You show me the way. Instead of myself making a mess of the whole thing I want you to give me some guidance. I shall be happy to receive it.

മിസ്റ്റർ കെ. പി. വള്ളോൻ: സർ, ഈ നിശ്ചയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഗവമ്മെണ്ടു് മിനിസ്റ്റർ അവർകളുടെ ചാരുതനം നിറവേറുമെന്നു ഞൻ വിചാരിക്കുന്നു. ഇതിനെപ്പറ്റിയുള്ള എല്ലാസംശതികളും ഈ ബഹുമാനപ്പെട്ട സഭക്കോ ഗവമ്മെണ്ടിനോ മനസ്സിലായിട്ടില്ല. അതൊന്നു ഇവിടെ വ്യക്തമാക്കിക്കൊള്ളാം. വിദ്യാഭ്യാസ സൌജന്യ മാത്രമല്ല ബഡ്ജറ്റിൽ കൊള്ളിക്കുന്ന മറ്റു തുകകളും അധഃകൃതർ അനുഭവിക്കാതെ പോകുന്നുണ്ടു്. അധഃകൃതക്കായിട്ടുണ്ടാക്കിയിട്ടുള്ള ചില കാളനികളിൽ അധഃകൃതരല്ലാത്തവരേയും കൊണ്ടുവന്നു താമസിപ്പിച്ചിട്ടുണ്ടു്. അധഃകൃതക്കു കൊടുക്കുന്ന ആനുകൂല്യവും അവക്കു കൊടുക്കുന്നുണ്ടു്. വിജയരാഘവപുരം കോളനി, തുപ്പുണിത്തുറ കോളനി, മാള കോളനി എന്നീ കോളനികളിൽ പലരേയും കൊണ്ടുവന്നു താമസിപ്പിച്ചിട്ടുണ്ടു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അവർ ഏതു ജാതിയിൽ പെട്ടവരാണു്?

മിസ്റ്റർ കെ. പി. വള്ളോൻ: അതു് മിനിസ്റ്റർ അവർകളുടെ അന്വേഷണത്തിൽ വ്യക്തമായി അറിയാമെന്നതുകൊണ്ടു് ഞാൻ പറയുന്നില്ല. ഇങ്ങിനെയുള്ള കാരണങ്ങളാലാണു് ഈ സമുദായത്തിനു പലപ്രോത്സാഹങ്ങളും സംഭവിക്കുന്നുണ്ടെന്നു ഞാൻ പറഞ്ഞതു്. ഗവമ്മെണ്ടു് സദുദ്ദേശത്തോടുകൂടി കൊല്ലം തോറും വകയിരുത്തുന്ന തുക ഈ അധഃകൃത സമുദായത്തിനുവേണ്ടി ചിലവു ചെയ്യുന്നു. പക്ഷെ അതു ഞങ്ങളുടെ ഗുണത്തിനല്ലാതെ മറ്റുള്ളവരുടെ ഗുണത്തിനായി പോകുന്നുണ്ടെന്നു പരമാർത്ഥമാണു് എനിക്കിതു മൂലം ഗവമ്മെണ്ടിനെ അറിയിക്കാനുള്ളതു്.

പിന്നെ ഒരു സംശതി ഇവിടെ പറകയുണ്ടായി. അതായതു് സംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റിൽനിന്നു ഇങ്ങിനെയുള്ള സംഖ്യ മാറ്റുമ്പോൾ തുകയിൽ വളരെ കുറവു വരുത്തുമെന്നുള്ളതാണു്. മുമ്പുപ്രസ്താവിക്കപ്പെട്ട ആളുകളെയെല്ലാം അധഃകൃതവകുപ്പിൽ പെടുത്തിയിട്ടില്ലായിരുന്നു. അക്കാലത്തു അധഃകൃതക്കു വിദ്യാഭ്യാസപരമായും മറ്റുവിധത്തിലും പല ആനുകൂല്യങ്ങളും ലഭിച്ചിരുന്നു എന്നുള്ളതു് പലരും പ്രസ്താവിച്ചിട്ടുണ്ടു്. അതു എനിക്കും ബോദ്ധ്യപ്പെട്ടിട്ടുള്ള സംശതിയാണു്. അന്നു എല്ലാവിദ്യാർത്ഥികൾക്കും സ്റ്റൈപ്പെൻഡും വസ്ത്രവും ബുക്കുകളും മറ്റും കൊടുത്തിരുന്നു. ഇപ്പോൾ രണ്ടുവർഷമായി ലോവർ സെക്കണ്ടറി ക്ലാസിൽ ൩൦൦ം അപ്പർ സെക്കണ്ടറി ക്ലാസിൽ ൫൦൦ം അധഃകൃത വിദ്യാർത്ഥികൾക്കു മാത്രമെ സ്റ്റൈപ്പെൻഡു് കൊടുക്കുന്നുള്ളൂ. വിശേഷിച്ചും പുസ്തകം തോറുകൂടികൾക്കും കൊടുത്തിരുന്നു. അതു ഇപ്പോൾ നിർത്തൽ ചെയ്തു. ഈ വക സംഖ്യകൾഞാൻ മുമ്പു പറഞ്ഞ മാതിരി കാര്യങ്ങൾക്കു ചിലവു ചെയ്യുകൊണ്ടാണു് അധഃകൃത വിദ്യാർത്ഥികൾക്കു കുറവുവന്നതെന്നാണു് ഞാൻ വിശ്വസിക്കുന്നതു്. ഈ മാതിരി അനാവശ്യമായി അധഃകൃതരുടെ പേരിൽ അന്യർക്കുവേണ്ടി ചിലവു ചെയ്യുന്നതു് നിർത്തി ആ മാതിരി ആനുകൂല്യങ്ങൾ ഞങ്ങൾക്കു ലഭിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നും അത്തരക്കാരെ ഡിപ്രാട്ട്മെണ്ടിൽനിന്നു ഒഴിവാക്കണമെന്നുമാണ് ഞാൻ ഈ റസല്യൂഷണിൽ ഉദ്ദേശിച്ചിട്ടുള്ളതു്. പക്ഷെ ഗവൺമെണ്ടു് പറഞ്ഞതു പോലെ ആണെങ്കിൽ ബഡ്ജറ്റിൽ ഒരു ഡിപ്രാട്ട്മെണ്ടിലെ സംഖ്യ മറ്റൊരു ഡിപ്രാട്ട്മെണ്ടിലേക്കു മാറ്റിവെച്ചതുകൊണ്ടു് ഞങ്ങൾക്കു യാതൊരു രക്ഷയും കിട്ടുവാനില്ല. അതുകൊണ്ടു് അതുംകൂടി ഭേദപ്പെട്ടുവരുന്നപക്ഷം ഞാൻ ഈ നിശ്ചയം പ്രസ് ചെയ്യാതെ കഴിക്കാമെന്നാണ് വിചാരിക്കുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി: അഡൈ്വസറി ബോർഡിൽ ഈ സംഗതികൊണ്ടുചെന്നു ശരിക്കാലോചിച്ചാൽ തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം.

ഡാക്ടർ എ. ആർ. മേനോൻ: അതിലും മിസ്റ്റർ വള്ളോൻ ഒരു മെമ്പറാണ്. ഈ കാര്യം കമ്മറിയുടെ മുമ്പാകെ വെച്ചു ശരിക്കാലോചന നടത്തി തീരുമാനിക്കുന്നതായിരിക്കും വളരെ നല്ലതു്. ഞാൻ കഴിയുന്ന സഹായസഹകരണങ്ങളൊക്കെ ചെയ്യാൻ തയ്യാറാണ്.

മിസ്റ്റർ സി. വി. ഇയ്യു: അധഃകൃത കോളനിയിൽ മറ്റു ചിലരേയും താമസിപ്പിക്കുന്നുണ്ടെന്നു് പറയുകയുണ്ടായി. കുന്നംകുളത്തെ നായാടി കോളനിയിൽ പുലയരെ താമസിപ്പിച്ചിട്ടുണ്ടു്. അവിടെനിന്നും പുലയരെ ഇറക്കിവിടണമെന്നു് നായാടികൾ കംപ്ലെയിൻറ് ചെയ്തതു് ഗവൺമെണ്ടിന്നു് അറിയാമോ?

മിസ്റ്റർ കെ. പി. വള്ളോൻ: എന്തു കാരണത്താലാണ് അവരെ ഇറക്കിവിടണമെന്നു പറയുന്നതു്; ആരാണ് അവരെ അവിടെ താമസിപ്പിച്ചതെന്നു മെമ്പർക്കറിയാമോ?

മിസ്റ്റർ സി. വി. ഇയ്യു: അധഃകൃത സംരക്ഷകന്റെ നിർബ്ബന്ധപ്രകാരമാണ് അവരെ അവിടെ താമസിപ്പിച്ചിട്ടുള്ളതെന്നാണ് നായാടികൾ പറയുന്നതു്. പുലയർ നായാടികളേക്കാൾ താഴ്ന്നവരായതുകൊണ്ടു് പുലയർ അവിടെ താമസിക്കുന്നതായാൽ അവർ അയിത്തമാകുമെന്നാണ് കംപ്ലെയിൻറ്.

മിസ്റ്റർ കെ. പി. വള്ളോൻ: അധഃകൃതർക്കുവേണ്ടി പണിതിട്ടുള്ള കെട്ടിടങ്ങളിൽ അധഃകൃതർ അല്ലാത്തവർ താമസിക്കുന്നുണ്ടെന്നു് ഗവൺമെണ്ടിന്നറിയാമോ?

ഡാക്ടർ എ. ആർ. മേനോൻ: അന്വേഷിച്ചറിയാതെ അതു പറയാൻ തരമില്ല. അധഃകൃതരല്ലാത്തവരുണ്ടെങ്കിൽ താമസിക്കുവാൻ ആളുകളില്ലാതെ അവരെ താമസിപ്പിച്ചതായിരിക്കണം. പല സ്ഥലങ്ങളിലും താമസിക്കുവാൻ ആളില്ലാതെ കെട്ടിടം ഒഴിഞ്ഞുകിടക്കുന്നുണ്ടു്. അതിനുള്ള കാരണം ആ കോളനിയുടെ അടുത്ത പ്രദേശങ്ങളിൽ ചിലപ്പോൾ പണി ഉണ്ടാകയില്ല. അപ്പോൾ അവർ എവിടെയെങ്കിലും പണി അന്വേഷിച്ചു പോകും. അങ്ങിനെ ആളില്ലാതെ കിടക്കുമ്പോൾ സംരക്ഷകൻ ആരെയെങ്കിലും താമസിപ്പിച്ചിട്ടുണ്ടാകും. പട്ടണത്തിന്നടുത്തുള്ള കോളനികളിൽ ആളുകൾ ധാരാളമുണ്ടു്. ഉൾനാടുകളിലുള്ള കോളനികളിൽ ആളുകൾ ശരിക്കുണ്ടാകയില്ല. ഇതിനെപ്പറ്റി ഒരു കമ്മിറ്റിവെച്ചു് ആലോചിച്ചു് അവർ തയ്യാറാക്കുന്ന പദ്ധതി അനുസരിച്ചു ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ : ഗവമ്മെണ്ടു് കാര്യമായി ഇതിന്നു വേണ്ടതു ചെയ്യാമെന്നു പറഞ്ഞതുകൊണ്ടു് ഞാൻ ഇതിനെ പിൻവലിക്കുന്നു.

The resolution was, by leave, withdrawn.

18. Introduction of Savings Bank system in the Anchal Department.

Mr. C. K. S. Moni (*Nominated*): *"This Council recommends to the Government to introduce Savings Bank system in the Cochin Anchal Department"*. കൊച്ചിരാജ്യത്തു് അഞ്ചലാപ്പീസ്സുകളിൽ സേവിങ്ങ്സ് ബാങ്കു് സിസ്റ്റം ഏർപ്പെടുത്തണമെന്നുള്ളതാണു് എന്റെ പ്രമേയം. ഈ പ്രമേയം ഈ സഭയുടെ ആലോചനക്കു കൊണ്ടുവരുവാൻ എന്നെ പ്രേരിപ്പിച്ചതു് മൂന്നു പ്രധാന കാര്യങ്ങളാണു്. ഒന്നാമതായി ദൈനംദിനം ഇവിടെ കേട്ടുകൊണ്ടിരിക്കുന്ന ബാങ്കു് പൊളിയൽ. ജീവിതകാലമത്രയും വളരെ ക്ലേശിച്ചു നിത്യജീവിതത്തോടു മല്ലിട്ടു് ബുദ്ധിമുട്ടി എന്തെങ്കിലും നിസ്സാരമായ സംഖ്യ മിച്ചമുണ്ടാക്കിയതിന്നശേഷം ചില ബാങ്കുകളിലെ ഡയറക്ടർമാരുടെ വലിയ വലിയ പേരുകൾ കണ്ടും, ആ ബാങ്കുകളുടെ ബ്രാഞ്ചുകളുടെ വിപുലമായ ലിസ്റ്റു് കണ്ടും തങ്ങളുടെ പണം പ്രസ്തുത ബാങ്കുകളിൽ സുരക്ഷിതമാണോ എന്നറിയാതെ നിക്ഷേപിക്കുകയാണു പതിവു്. നല്ല ബാങ്കു് ഏതാണെന്നറിയാതെ പല ബാങ്കുകളിലും പലരും ഡെപ്പോസിറ്റു ചെയ്യുകയും കുറേനാൾ കഴിഞ്ഞു് അത്യാവശ്യമായി പണം ആവശ്യപ്പെട്ട ചെല്ലുമ്പോൾ തല്ക്കാലം ബാങ്കിൽ പണമില്ലെന്നും ഒന്നോ രണ്ടോ മാസം കഴിഞ്ഞാൽ പണം തരാമെന്നുമാണു് അവർ പറയുന്ന സമാധാനം. പിന്നീടു് ഒന്നോ രണ്ടോ മാസം കഴിഞ്ഞാൽ ബാങ്കു് ലിക്വിഡേഷനായി എന്നും കേൾക്കും. എനിക്കു അനുഭവപ്പെട്ടിട്ടുള്ള ഒരു സംഗതി ഞാൻ ഇവിടെ പറയാം. തിരുവനന്തപുരം സെൻറ് തോമസ്സ് കോളേജിൽ പഠിയ്ക്കുന്ന ഒരു വിദ്യാർത്ഥി അയാളുടെ വിദ്യാഭ്യാസത്തിനു വേണ്ടിവരുന്ന സംഖ്യ ഒന്നായിട്ടു ട്രാവൻകൂർ നാഷനൽ ബാങ്കിൽ ഡെപ്പോസിറ്റുചെയ്തിരുന്നു. ബാങ്കു പൊളിയുന്നതിനു മുമ്പായി ബാങ്കുകാരോടു ചെന്നു "എനിയ്ക്കു വിദ്യാഭ്യാസത്തിനുള്ള പണമാണു്, നിവൃത്തിയുണ്ടെങ്കിൽ മടക്കിത്തരണം" എന്നു് അയാൾ പറഞ്ഞു. പക്ഷെ അയാൾക്കു ഒരു സംഖ്യയും തിരിച്ചുകിട്ടിയില്ല. അതുകാരണം അയാളുടെ വിദ്യാഭ്യാസം തന്നെ നിന്നുപോവുന്നു. അയാളുടെ വിദ്യാഭ്യാസത്തിനു നിക്ഷേപിച്ചിട്ടുള്ള സംഖ്യ ആ വിദ്യാർത്ഥിയെക്കൊണ്ടു്, ഭാവിയിൽ ഒരു വലിയ കുടുംബം പുലർത്താമെന്നുദ്ദേശിച്ചു അയാളുടെ കാരണവന്മാർ അയാൾക്കുവേണ്ടി സമ്പാദിച്ചുകൊടുത്തിട്ടുള്ളതായിരിക്കും. പക്ഷെ അതൊന്നും സാധിക്കാതെ അയാൾക്കു വിദ്യാഭ്യാസം അതോടുകൂടി അവസാനിപ്പിക്കേണ്ടതായിവന്നു. അതുകൊണ്ടു് നമ്മുടെ ഗവമ്മെണ്ടു് അഞ്ചലാപ്പീസ്സുകളിൽ സേവിങ്ങ്സ് ബാങ്കു് സിസ്റ്റം ഏർപ്പെടുത്തുന്നപക്ഷം ആളുകൾക്കു് ഇതേമാതിരിയുള്ള നഷ്ടങ്ങളിൽ നിന്നും രക്ഷ പ്രാപിക്കുവാൻ കഴിയുന്നതാണു്. നല്ല രീതിയിൽ നടന്നുവരുന്ന വലിയ ബാങ്കുകൾ ധാരാളമുണ്ടു്. ഞാൻ ഈ പ്രസ്താവന ചെയ്യുന്നതുകൊണ്ടു് ബാങ്കുകാരെ ആക്ഷേപിക്കുകയാണെന്നു ബാങ്കധികൃതന്മാർ എന്നെ തെറ്റിദ്ധരിക്കരുതെന്നു അപേക്ഷിച്ചുകൊള്ളുന്നു. എല്ലാസ്ഥലത്തും നല്ല ബാങ്കുകളുടെ ബ്രാഞ്ചുകൾ ഉണ്ടായി എന്നുവരില്ല. തന്നെയല്ലാ നല്ല ബാങ്കുകൾ ഏതെല്ലാമാണെന്നു് അന്വേഷിച്ചറിയുവാനും സാമാന്യ ജനങ്ങൾക്കു് സാദ്ധ്യമായിരിക്കയില്ല. ഗവമ്മെണ്ടിന്നാണെങ്കിൽ ഈ സിസ്റ്റം നടപ്പിലാക്കുന്നതുകൊണ്ടു് ഒരു നഷ്ടവും വരാനില്ല. നേരെ മറിച്ചു ഗവമ്മെണ്ടിനു് അതു വളരെ ആദാ

LIBRARY ARCHIVES Kerala Legislative Assembly